കോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ഏതെങ്കിലും ജഡ്ജി തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന രീതിയെപ്പറ്റി ഒരു സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിൽ യാതൊരു ചർച്ചയും ഉണ്ടാകവാൻ പാടുള്ളതല്ല" എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സ്പെഷ്യൽ റഫറൻസ് നം.1/1964 എന്ന കേസിൽ (1965 എ.ഐ.ആർ. (എസ്സി.) 745-ാം ഖണ്ഡിക 67-ൽ) ചുമതലകൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ന്യായാധിപന്റെ കോൺടെക്സ്റ്റ് സഭയ്ക്കുള്ളിൽ ചർച്ച ചെയ്യാൻ നിയമപരമായി കഴിയില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ട് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതാകയാൽ ഈ വിഷയത്തിൽ സഭയിൽ ചർച്ച ചെയ്യുന്നതിനോ കോടതിയുടെ പരിഗണനയിലിരിക്കുന്ന റിപ്പോർട്ട് ബഹുമാനപ്പെട്ട കേരള നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനോ സാദ്ധ്യമല്ലാത്ത അവസ്ഥയാണുള്ളത്.

പട്ടയ വിതരണം

151 (1229) ശ്രീ. ടി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പട്ടയം നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ശേഷിക്കുന്ന പട്ടയങ്ങൾ അടിയന്തരമായി നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) അനുവദിച്ച് നൽകുന്ന പട്ടയങ്ങളിൽ അപാകതകൾ കടന്ന് വരുന്നത് ഒഴിവാക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് ഉൾപ്പെടെ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,48,119 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പട്ടയം നൽകാൻ ശേഷിക്കുന്ന അപേക്ഷകളിന്മേൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly